# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 720

29.09.2016-ൽ മറുപടിയ്ക്ക്

## ശബരിമല റോഡുകളുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എൻ. ജയരാജ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് റോഡുകളുടെ പുനരുദ്ധാരണത്തിനായി ആകെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | 2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് 28.07.2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 56/2016/പൊ.മ.വ. പ്രകാരം വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8943.54 ലക്ഷം രൂപയുള്ള ഭരണാനുമതിയും, പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. പണികൾ ആരംഭിച്ച കഴിഞ്ഞു. |
| (ബി) | തീർത്ഥാടകർ കൂടുതലായി കടന്നു പോകുന്ന കോട്ടയം, പത്തനംതിട്ട ജില്ലകൾക്കായി എത്ര തുക അനുവദിച്ചു; | (ബി) | ശബരിമലയുമായി ബന്ധപ്പെട്ട സുപ്രധാനമായ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി നിരത്തു വിഭാഗത്തിന്റെ കീഴിൽ കോട്ടയം ജില്ലയ്ക്ക് 123 ലക്ഷം രൂപയും, പത്തനംതിട്ട ജില്ലയ്ക്ക് 1894.59 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾക്ക് 342.95 ലക്ഷം രൂപയും, കെ.എസ്.റ്റി.പിയുടെ കീഴിലുള്ള റോഡിന് 85 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ആദ്യമായി കരാറുകൾ ആഗസ്റ്റിൽ തന്നെ ഉറപ്പിച്ചു. പണികൾ നടന്നു വരുന്നു. |
| (സി) | കാലങ്ങളായി തീർത്ഥാടനകാലത്ത് അറ്റകുറ്റപ്പണികൾ നടത്തിവന്നിരുന്ന റോഡുകൾ ഇത്തവണ അറ്റകുറ്റപ്പണികൾ നടത്താതെ ഗതാഗതയോഗ്യമല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ അനുബന്ധ റോഡുകളാണ്. ഇത്തരം റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതിനായി 150 കോടി രൂപയുടെ പദ്ധതി ജൂലൈ മാസത്തിൽ ധനവകുപ്പിന് അനുമതിക്കായി നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ